रेल भर्ती बोर्ड / RAILWAY RECRUITMENT BOARD
सी ई एन - 06/2025 - CEN - 06/2025
एनटीपीसी (स्नातक स्तर) की भर्ती / Recruitment of NTPC Graduate Level

# RRB NTPC GRADUATE 2025 CBT 2

Graduate Level | CEN 06/2025

**MALAYALAM ANSWER KEY**

## Official Answer Key with Solutions

All 1 Shifts · 10-07-2026 to 10-07-2026

| | |
|---|---|
| **Questions** | 120 |
| **Marking** | +1 correct / -1/3 wrong |
| **Duration** | 90 minutes |
| **Sections** | Maths 35 · Reasoning 35 · General Awareness 50 |

Every paper here is the official RRB response sheet with the correct answer marked.

### HOW TO USE THIS BOOK

1. Open the INDEX on the next page.
2. Click any row to jump straight to that date and shift.
3. Correct options are ticked in green, wrong ones crossed in red.
4. Use the bookmarks panel of your PDF reader to move between shifts.

Check your marks, normalized score and zone-wise rank free at
**rank.qmaths.in**

**Blackbook**

Score & Rank Calculator · rank.qmaths.in

Compiled 10 September 2026

# INDEX · Click any row to open that paper

RRB NTPC Graduate 2025 (Malayalam) · 1 shifts


| DAY | DATE | SHIFT | TIME | PAGE |
|---|---|---|---|---|
| Day 1 | **10-07-2026** | Shift 1 | 09:00 - 10:30 | 3 |


Generated by rank.qmaths.in

रेल भर्ती बोर्ड / RAILWAY RECRUITMENT BOARD

सी ई एन - 06/2025 - CEN - 06/2025

एनटीपीसी (स्नातक स्तर) की भर्ती / Recruitment of NTPC Graduate Level

| | |
|---|---|
| Test Center Name | iON Digital Zone iDZ Aluva |
| Test Date | 10/07/2026 |
| Test Time | 9:00 AM - 10:30 AM |
| Subject | RRB NTPC GRADUATE CBT 2 |

*** Note**

**Correct Answer will carry 1 mark per Question.**

**Incorrect Answer will carry 1/3 Negative mark per Question.**

**1. Options shown in green color with a tick icon are correct.**

**2. Chosen option on the right of the question indicates the option selected by the candidate.**

Section : **RRB NTPC GRADUATE CBT 2**

**Q.1** **12 തൊഴിലാളികൾക്ക് 18 ദിവസത്തിനുള്ളിൽ ഒരു മതിൽ പൂർത്തിയാക്കാൻ കഴിയുമെങ്കിൽ, 8 തൊഴിലാളികൾ എത്ര ദിവസത്തിനുള്ളിൽ അത് പൂർത്തിയാക്കും?**

**Ans**
- ✗ A. 30 ദിവസം
- ✗ B. 32 ദിവസം
- ✗ C. 36 ദിവസം
- ✓ D. 27 ദിവസം

**Q.2** **തുടക്കത്തിൽ നിശ്ചലാവസ്ഥയിലായിരുന്ന ഒരു പെട്ടി വലത്തോട്ട് ഒരു 30 N ബലം പ്രയോഗിച്ച് തള്ളുന്നു; അതേസമയം തന്നെ ഘർഷണം ഇടത്തോട്ട് ഒരു 30 N ബലം പ്രയോഗിക്കുന്നു. പെട്ടിയുടെ ചലനത്തിന് എന്ത് സംഭവിക്കും?**

**Ans**
- ✗ A. പെട്ടി എതിർദിശയിൽ നീങ്ങുന്നു.
- ✗ B. പെട്ടി മന്ദഗതിയിലാകുകയും നിൽക്കുകയും ചെയ്യുന്നു.
- ✓ C. പെട്ടി നിശ്ചലാവസ്ഥയിൽ തുടരുന്നു.
- ✗ D. പെട്ടി വലത്തോട്ട് ത്വരിതപ്പെടുത്തുന്നു

**Q.3** **ശിവം ₹30,000 എന്ന തുക 3 വർഷത്തേക്ക് ഒരു നിശ്ചിത സാധാരണ പലിശ നിരക്കിൽ വായ്പയായി എടുത്തു. x% പ്രതിവർഷ പലിശാ നിരക്കിൽ ആ കാലയളവിന്റെ അവസാനം അയാൾ പലിശയായി ₹4,500 അടച്ചാൽ, x എന്നതിന്റെ മൂല്യം:**

**Ans**
- ✓ A. 5
- ✗ B. 7
- ✗ C. 6
- ✗ D. 4

**Q.4** **തന്നിരിക്കുന്നവയിൽ പൗരന്മാർക്ക് മാത്രം ലഭ്യമായതും വിദേശികൾക്ക് ഇല്ലാത്തതുമായ മൗലികാവകാശം ഏത്?**

**Ans**
- ✗ A. നിയമത്തിന് മുമ്പിലുള്ള സമത്വത്തിനുള്ള അവകാശം
- ✗ B. ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും അവകാശം
- ✓ C. സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യം
- ✗ D. ചൂഷണത്തിനെതിരായുള്ള അവകാശം

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.5** നൽകിയിരിക്കുന്ന ശ്രേണിയിൽ ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ടത് എന്ത്?

111, 223, 449, 903, 1813, ?

**Ans**
- ✗ A. 3536
- ✗ B. 3036
- ✓ C. 3635
- ✗ D. 3630

**Q.6** തന്നിട്ടുള്ള ശ്രേണി യുക്തിസഹമായി പൂർണമാക്കാൻ, അതിലെ ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ടത് തന്നിരിക്കുന്ന അക്ഷര-സംഖ്യാ കൂട്ടങ്ങളിൽ ഏതാണ്?

KDW 25, NGZ 35, QJC 55, TMF 95, WPI 175, ?

**Ans**
- ✗ A. ZML 335
- ✗ B. ZSG 335
- ✓ C. ZSL 335
- ✗ D. LSL 335

**Q.7** '+', '−' എന്നിവ പരസ്പരവും '×', '÷' എന്നിവ പരസ്പരവും മാറ്റിയാൽ, തന്നിരിക്കുന്ന സമവാക്യത്തിലെ ചോദ്യചിഹ്നത്തിന്റെ (?) സ്ഥാനത്ത് വരുന്നത് എന്ത്?

108 × 4 − 13 + 4 ÷ 7 = ?

**Ans**
- ✗ A. 14
- ✗ B. 10
- ✓ C. 12
- ✗ D. 16

**Q.8** അശോക ചക്രവർത്തിയുടെ ശിലാലിഖിതങ്ങൾ പ്രധാനമായും രചിച്ചത് തന്നിരിക്കുന്നതിൽ ഏത് ലിപിയിലാണ്?

**Ans**
- ✗ A. ഖരോഷ്ടി
- ✗ B. ഗുപ്ത ലിപി
- ✓ C. ബ്രാഹ്മി
- ✗ D. ദേവനാഗരി

**Q.9** അമ്ല ലായനികളിലൂടെയുള്ള വൈദ്യുത പ്രവാഹത്തിന് കാരണം:

**Ans**
- ✓ A. ലായനിയിൽ അടങ്ങിയിരിക്കുന്ന അയോണുകൾ
- ✗ B. ന്യൂട്രൽ തന്മാത്രകൾ മാത്രം
- ✗ C. വാതക കുമിളകൾ രൂപപ്പെടുന്നത്
- ✗ D. ലായനിയിലെ ലോഹങ്ങൾ

**Q.10** ഉയർന്ന ഈർപ്പം നിലനിർത്താനുള്ള ശേഷിയുള്ളതിനാൽ ഇന്ത്യയിൽ പരുത്തി കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണായി പരമ്പരാഗതമായി കണക്കാക്കപ്പെടുന്നത് ഏത്?

**Ans**
- ✓ A. കളിമണ്ണും ഈർപ്പവും ധാരാളമായി അടങ്ങിയ കറുത്ത മണ്ണ്
- ✗ B. ഹിമാലയൻ നദികളിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ്
- ✗ C. ഉയർന്ന മഴയുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന ചെങ്കൽമണ്ണ്
- ✗ D. വരണ്ട പടിഞ്ഞാറൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന മരുഭൂമണ്ണ്

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.11** ഒരു ചോദ്യവും, തുടർന്ന് I എന്നും II എന്നും ലേബൽ ചെയ്തിരിക്കുന്ന രണ്ട് പ്രസ്താവനകളും നൽകിയിരിക്കുന്നു. ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമായ പ്രസ്താവന/കൾ ഏതെന്ന് തിരിച്ചറിയുക.
H, I, J, K, L എന്നിവരിൽ ഏറ്റവും ഉയരം കൂടിയ ആൾ ആരാണ്?
(I) J-യ്ക്ക് H, I എന്നിവരേക്കാൾ ഉയരമുണ്ടെങ്കിലും K-യേക്കാൾ ഉയരം കുറവാണ്.
(II) L-ന് K-യേക്കാൾ ഉയരം കുറവാണെങ്കിലും J-യേക്കാൾ ഉയരമുണ്ട്

**Ans**
✗ A. ചോദ്യത്തിന് ഉത്തരം നൽകാൻ I, II എന്നീ രണ്ട് പ്രസ്താവനകളും ഒരുമിച്ച് മതിയാകില്ല
✗ B. ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവന II-ലെ ഡാറ്റ മാത്രം മതിയാകും, എന്നാൽ പ്രസ്താവന I-ലെ ഡാറ്റ മതിയാകില്ല
✓ C. I-ഉം II-ഉം പ്രസ്താവനകൾ ഒരുമിച്ച് (പ്രസ്താവന I അല്ലെങ്കിൽ പ്രസ്താവന II ഒറ്റക്ക് അല്ല) ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്.
✗ D. ചോദ്യത്തിന് ഉത്തരം നൽകാൻ പ്രസ്താവന I-ലെ ഡാറ്റ മാത്രം മതിയാകും, എന്നാൽ പ്രസ്താവന II-ലെ ഡാറ്റ മതിയാകില്ല

**Q.12** Latitudes and longitudes are commonly referred to as what in geographical terminology?

**Ans**
✓ A. Geographical coordinates
✗ B. Planetary markers
✗ C. Geographical boundaries
✗ D. Global divisions

**Q.13** A(1, 5), B(4, 7) എന്നീ ശീർഷങ്ങളും D(4, 5) എന്ന മധ്യമകേന്ദ്രവുമുള്ള ഒരു ΔABC യുടെ ശീർഷം C (x, y) കണ്ടെത്തുക.

**Ans**
✗ A. C (3, 6)
✗ B. C (7, 4)
✓ C. C (7, 3)
✗ D. C (6, 3)

**Q.14** MS വേർഡ് 2021-ലെ ഒരു ടേബിളിലെ സെലക്റ്റ് ചെയ്ത സെല്ലുകൾക്കുള്ളിൽ ടെക്സ്റ്റിനെ എങ്ങനെ വെർട്ടിക്കലായി സെന്റർ ചെയ്യാൻ കഴിയും?

**Ans**
✓ A. Right-click selection > Table Properties > Cell tab > Vertical alignment: Center
✗ B. Home tab > Paragraph group > Align Left
✗ C. Home tab > Paragraph group > Justify
✗ D. Home tab > Paragraph group > Align Right

**Q.15** $10\sin A + \cos A = \sqrt{6}\sin A$ ആണെങ്കിൽ $\tan A$ എന്നതിന്റെ മൂല്യം കണ്ടെത്തുക

**Ans**
✗ A. $\frac{-10-\sqrt{6}}{96}$
✗ B. $\frac{-11-\sqrt{6}}{96}$
✓ C. $\frac{-10-\sqrt{6}}{94}$
✗ D. $\frac{-10-\sqrt{6}}{99}$

**Q.16** ഒരു സംഖ്യയുടെ 40%-നോട് 240 കൂട്ടിയാൽ അതേ സംഖ്യ ഫലമായി ലഭിക്കുന്നു. അതേ സംഖ്യയുടെ 50% എന്നത്:

**Ans**
✓ A. 200
✗ B. 440
✗ C. 220
✗ D. 300

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.17** Find the mean deviation about the mean for the data.

5, 10, 15, 20, 25.

**Ans**
- ✗ A. 7
- ✗ B. 8
- ✗ C. 5
- ✓ D. 6

**Q.18** A, B, C, D, S, T, U എന്നിവർ ഓരോരുത്തരും വ്യത്യസ്ത മാസത്തിലാണ് ജനിച്ചത്. ജനുവരിയിൽ ആരംഭിച്ച് ഡിസംബറിൽ അവസാനിക്കുന്ന വിധം ഒരു വർഷത്തിലെ ജനുവരി, ഫെബ്രുവരി, ഏപ്രിൽ, മെയ്, ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിലാണ് ജനിച്ചത്. D ജനിച്ചത് ജൂണിലാണ്. S മാത്രമാണ് B-യേക്കാൾ പ്രായം കുറഞ്ഞത്. C എന്നയാൾ T-യേക്കാൾ മൂത്തതും എന്നാൽ A-യേക്കാൾ ഇളയതുമാണ്. ഫെബ്രുവരിയിൽ ആണ് U ജനിച്ചത്. B, A എന്നിവർക്കിടയിൽ ജനിച്ചവർ എത്ര?

**Ans**
- ✗ A. ഒന്ന്
- ✗ B. മൂന്ന്
- ✓ C. നാല്
- ✗ D. രണ്ട്

**Q.19** 2025 ഒക്ടോബറിൽ നാഗ്പൂരിൽ നടന്ന കോൾ ഇന്ത്യ ഇന്റർ-കമ്പനി പവർലിഫ്റ്റിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ്, ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പ് 2025-26-ൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കിരീടം നേടിയത് ഏത് ടീമാണ്?

**Ans**
- ✗ A. SCCL
- ✓ B. WCL
- ✗ C. MCL
- ✗ D. SECL

**Q.20** M-ന്റെ അമ്മയാണ് L. O-യുടെ അമ്മയാണ് M. H-ന്റെ സഹോദരിയാണ് O. P-യുടെ ഭാര്യയാണ് H. F-ന്റെ അച്ഛനാണ് P. G-യുടെ അമ്മയാണ് F. M എങ്ങനെയാണ് F-മായി ബന്ധപ്പെട്ടിരിക്കുന്നത്?

**Ans**
- ✗ A. അമ്മയുടെ സഹോദരി
- ✗ B. അച്ഛന്റെ സഹോദരി
- ✓ C. അമ്മയുടെ അമ്മ
- ✗ D. സഹോദരിയുടെ മകൾ

**Q.21** ചതുർഭുജങ്ങളെക്കുറിച്ച് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായവ തിരഞ്ഞെടുക്കുക.

A. ഒരു സമപാർശ്വ ലംബകത്തിൽ, സമാന്തര വശങ്ങൾ പരസ്പരം തുല്യമായിരിക്കും.
B. പട്ടം എന്നത് ഒരു തരം സാമാന്തരികം ആണ്.
C. എല്ലാ സമചതുരങ്ങളും സമഭുജസാമാന്തരികങ്ങൾ ആണ്.
D. ഏതൊരു ചതുർഭുജത്തിന്റെയും വശങ്ങളുടെ മധ്യബിന്ദുക്കൾ യോജിപ്പിച്ചുണ്ടാക്കുന്ന ചതുർഭുജം ഒരു ലംബകം ആയിരിക്കും.

**Ans**
- ✓ A. C മാത്രം
- ✗ B. B, C എന്നിവ
- ✗ C. A, D എന്നിവ
- ✗ D. A, B, D എന്നിവ

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.22** Which of the following rivers forms the largest drainage basin in India in terms of catchment area?

**Ans**
- ✗ A. Krishna
- ✓ B. Ganga
- ✗ C. Godavari
- ✗ D. Narmada

**Q.23** ഒമൈറ പോയിന്റ് F-ൽ നിന്ന് ആരംഭിച്ച് തെക്കോട്ട് 45 m നടക്കുന്നു. പിന്നീട് അവൾ ഇടത്തോട്ട് തിരിഞ്ഞ് 30 m നടക്കുന്നു, തുടർന്ന് ഇടത്തോട്ട് തിരിഞ്ഞ് 20 m നടന്ന് പോയിന്റ് C-ൽ എത്തി നിൽക്കുന്നു. അഞ്ജൻ പോയിന്റ് C-ൽ നിന്ന് 15 m വടക്കുള്ള പോയിന്റ് Q-ൽ നിന്ന് യാത്ര ആരംഭിക്കുന്നു. അയാൾ കിഴക്കോട്ട് 30 m നടക്കുന്നു, പിന്നീട് ഇടത്തോട്ട് തിരിഞ്ഞ് 10 m നടന്ന് പോയിന്റ് U-ൽ നിൽക്കുന്നു. പോയിന്റ് F-ഉം പോയിന്റ് U-ഉം തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്രയാണ്? (എല്ലാ തിരിവുകളും 90° തിരിവുകൾ മാത്രമാണ്.)

**Ans**
- ✗ A. 35 m
- ✗ B. 25 m
- ✓ C. 60 m
- ✗ D. 75 m

**Q.24** തന്നിരിക്കുന്ന അഞ്ച്, മൂന്ന് അക്ക സംഖ്യകളെ അടിസ്ഥാനമാക്കിയാണ് ഈ ചോദ്യം.

(ഇടത്) 715 438 961 127 821 (വലത്)
(ഉദാഹരണം-697 – ഒന്നാമത്തെ അക്കം = 6, രണ്ടാമത്തെ അക്കം = 9, മൂന്നാമത്തെ അക്കം = 7)
ശ്രദ്ധിക്കുക-എല്ലാ ക്രിയകളും ഇടത്തു നിന്ന് വലത്തോട്ടു ചെയ്യണം.

ഏറ്റവും ചെറിയ സംഖ്യയുടെ രണ്ടാമത്തെ അക്കവുമായി ഏറ്റവും വലിയ സംഖ്യയുടെ മൂന്നാമത്തെ അക്കം കൂട്ടിയാൽ ലഭിക്കുന്ന ഉത്തരമെന്ത്?

**Ans**
- ✗ A. 9
- ✓ B. 3
- ✗ C. 10
- ✗ D. 6

**Q.25** വാദം (A), കാരണം (R) എന്നിങ്ങനെ ലേബൽ ചെയ്തിരിക്കുന്ന തന്നിരിക്കുന്ന രണ്ട് പ്രസ്താവനകളുമായി ബന്ധപ്പെട്ട ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക.

വാദം (A): നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പാർട്ടികളെ ദേശീയ പാർട്ടികളായി അല്ലെങ്കിൽ സംസ്ഥാന പാർട്ടുകളായി അംഗീകരിക്കുന്നതാണ്.
കാരണം (R): രാഷ്ട്രീയ പാർട്ടികളുടെ അംഗീകാരം തിരഞ്ഞെടുപ്പ് പ്രകടനത്തെയും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച നിയമങ്ങൾ പാലിക്കുന്നതിനെയും ആശ്രയിച്ചിരിക്കുന്നു.

**Ans**
- ✗ A. A തെറ്റാണ്, R ശരിയാണ്
- ✓ B. A, R എന്നിവ രണ്ടും ശരിയാണ്, R എന്നത് A-യുടെ ശരിയായ വിശദീകരണം ആണ്
- ✗ C. A ശരിയാണ്, R തെറ്റാണ്
- ✗ D. A, R എന്നിവ രണ്ടും ശരിയാണ്, എന്നാൽ R എന്നത് A-യുടെ ശരിയായ വിശദീകരണം അല്ല

**Q.26** അറ്റോമിക സമ്പ്രദായത്തിൽ Z എന്ന പ്രതീകം സൂചിപ്പിക്കുന്നത്:

**Ans**
- ✗ A. ചാർജ്
- ✗ B. മാസ് നമ്പർ
- ✓ C. ആറ്റോമിക നമ്പർ
- ✗ D. ന്യൂട്രോൺ നമ്പർ

Get the Toppers Choice
BLACKBOOK VOCAB APP - Download Now

**Q.27** ഇന്ത്യയിൽ ഭരണനിർവഹണ പലിശനിരക്കുകളിൽ നിന്ന് വിപണി നിർണ്ണയിക്കുന്ന പലിശനിരക്കുകളിലേക്കുള്ള മാറ്റം ശുപാർശ ചെയ്ത കമ്മിറ്റി ഏതാണ്?

**Ans**
- ✗ A. രംഗരാജൻ കമ്മിറ്റി (1997)
- ✗ B. ചെല്ലയ്യ കമ്മിറ്റി (1991)
- ✗ C. കേൽക്കർ കമ്മിറ്റി (2002)
- ✓ D. നരസിംഹം കമ്മിറ്റി I (1991)

**Q.28** ഒരു പ്രത്യേക യുക്തി പിന്തുടർന്ന് 9 എന്നത് 117-മായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്ന് 12 എന്നത് 156-മായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്നാൽ 17 എന്നത് ബന്ധപ്പെട്ടിരിക്കുന്നത് ഏതുമായാണ്?

(ശ്രദ്ധിക്കുക: സംഖ്യകളെ അവയുടെ ഘടക അക്കങ്ങളായി വിഭജിക്കാതെ പൂർണ സംഖ്യകളിൽ ക്രിയകൾ നടത്തണം. ഉദാ. 13 – 13-ന് മേൽ ചെയ്യുന്ന കൂട്ടൽ /കുറക്കൽ/ഗുണിക്കൽ തുടങ്ങിയ ക്രിയകൾ 13-ൽ നടത്താം. 13-നെ 1, 3 എന്നിങ്ങനെ ഘടക അക്കങ്ങളായി വിഭജിച്ച് 1, 3 എന്നിവയിൽ ഗണിത ക്രിയകൾ നടത്തുന്നത് അനുവദനീയമല്ല.)

**Ans**
- ✗ A. 201
- ✗ B. 197
- ✗ C. 186
- ✓ D. 221

**Q.29** (x + 3) ന്റെയും (x–3) ന്റെയും ഇടയിലുള്ള ശരാശരി ആനുപാതികത (mean proportional) 4 ആണെങ്കിൽ, x എന്നതിന്റെ മൂല്യം എന്താണ്; x> 0?

**Ans**
- ✗ A. 4
- ✓ B. 5
- ✗ C. 3
- ✗ D. 6

**Q.30** ഒരു സാമാന്തരികത്തിന്റെ പാദം അതിന്റെ ഉയരത്തിന്റെ മൂന്നിരട്ടിയാണ്. സാമാന്തരികത്തിന്റെ പരപ്പളവ് 216 $cm^2$ ആണെങ്കിൽ, അതിന്റെ ഉയരം കണ്ടെത്തുക.

**Ans**
- ✗ A. $7\sqrt{2}$ cm
- ✗ B. $5\sqrt{2}$ cm
- ✓ C. $6\sqrt{2}$ cm
- ✗ D. $8\sqrt{2}$ cm

**Q.31** H, I, J, K, U, V, W, X എന്നിവർ ഒരു ചതുരാകൃതിയിലുള്ള മേശയ്ക്ക് ചുറ്റും അതിന്റെ മധ്യഭാഗത്തേക്ക് അഭിമുഖമായി ഇരിക്കുന്നു. അവരിൽ നാല് പേർ മൂലകളിലും നാല് പേർ വശങ്ങളുടെ കൃത്യം മധ്യഭാഗത്തുമായാണ് ഇരിക്കുന്നത്.
J, W എന്നിവർക്കിടയിൽ മൂന്ന് പേർ മാത്രമാണ് ഇരിക്കുന്നത്. J ഏതെങ്കിലും ഒരു മൂലയിൽ അല്ല ഇരിക്കുന്നത്. W-ന്റെ ഇടതുവശത്ത് മൂന്നാമതായാണ് I ഇരിക്കുന്നത്. J-യുടെ ഇടതുവശത്ത് രണ്ടാമതായാണ് H ഇരിക്കുന്നത്. W, H എന്നിവരുടെ രണ്ടുപേരുടെയും തൊട്ടടുത്താണ് V. J-യുടെ തൊട്ടടുത്താണ് U. W-ന്റെ ഇടതുവശത്ത് രണ്ടാമതായാണ് X ഇരിക്കുന്നത്.
K-യുടെ ഇടതുവശത്ത് നിന്ന് എണ്ണുമ്പോൾ K, H എന്നിവർക്ക് ഇടയിൽ എത്ര പേർ ഇരിക്കുന്നു?

**Ans**
- ✓ A. നാല്
- ✗ B. രണ്ട്
- ✗ C. ഒന്ന്
- ✗ D. മൂന്ന്

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

Q.32 ഒരു പ്രത്യേക കോഡിൽ,
'wishing everyone well' എന്നത് 'lh cv vd' എന്നും,
'wishing happy days' എന്നത് 'fv fz lh' എന്നും,
'days everyone enjoy' എന്നത് 'cv vm fz' എന്നും കോഡ് ചെയ്തിരിക്കുന്നു.
(എല്ലാ കോഡുകളും രണ്ട് അക്ഷര കോഡുകൾ മാത്രമാണ്.)

'happy everyone' എന്നതിന്റെ സാധ്യമായ കോഡ് എന്താണ്?

Ans
- ✗ A. vd fz
- ✗ B. fV lh
- ✗ C. cv fz
- ✓ D. fv cv

Q.33 216 $cm^3$, വ്യാപ്തമുള്ള രണ്ട് സമചതുരക്കട്ടകളുടെ അറ്റവും അറ്റവും യോജിപ്പിച്ചിരിക്കുന്നു. തൽഫലമായുണ്ടാകുന്ന ചതുരക്കട്ടയുടെ വികർണത്തിന്റെ നീളം കണ്ടെത്തുക.

Ans
- ✓ A. $6\sqrt{6}$ cm
- ✗ B. $7\sqrt{3}$ cm
- ✗ C. $5\sqrt{2}$ cm
- ✗ D. $8\sqrt{7}$ cm

Q.34 ഒരു വിദ്യാർത്ഥി ഒരു സംയുക്തം ചൂടാക്കുകയും തവിട്ട് നിറത്തിലുള്ള പുകയുടെ പുറന്തള്ളൽ നിരീക്ഷിക്കുകയും ചെയ്യുന്നു. സംയുക്തമാകാൻ ഏറ്റവും സാധ്യതയുള്ളത്:

Ans
- ✗ A. AgCl
- ✗ B. NaCl
- ✗ C. $CaCO_3$
- ✓ D. $Pb(NO_3)_2$

Q.35 4, 6, 8, 10,12,14 എന്ന ഡാറ്റയുടെ മീഡിയൻ കണ്ടെത്തുക.

Ans
- ✓ A. 9
- ✗ B. 8
- ✗ C. 11
- ✗ D. 10

Q.36 ഒരു ഷർട്ടിന്റെ വില 20% വർദ്ധിപ്പിക്കുകയും പിന്നീട് 20% കുറയ്ക്കുകയും ചെയ്യുന്നു. വിലയിലെ ആകെ ശതമാന മാറ്റം എത്ര?

Ans
- ✗ A. 8% കുറവ്
- ✗ B. മാറ്റമില്ല
- ✓ C. 4% കുറവ്
- ✗ D. 0.4% വർദ്ധനവ്

Q.37 'P' എന്നാൽ '×' എന്നും, 'Q" എന്നാൽ '÷' എന്നും, 'R' എന്നാൽ '-' എന്നും, 'S' എന്നാൽ '+' എന്നും ആണെങ്കിൽ, തന്നിരിക്കുന്ന സമവാക്യത്തിൽ ചോദ്യചിഹ്നത്തിന്റെ '?' സ്ഥാനത്ത് വരുന്നത് ഏത്?

(42 Q 6) P 5 S 7 P 11 R (64 Q 8) P 2 R 5 P 6 = ?

Ans
- ✗ A. 62
- ✗ B. 54
- ✓ C. 66
- ✗ D. 42

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.38** ഒരു തുക ഒരു നിശ്ചിത നിരക്കിൽ വാർഷികമായി കൂട്ടിച്ചേർക്കുന്ന കൂട്ടുപലിശയിൽ നിക്ഷേപിച്ചപ്പോൾ 7 വർഷം കൊണ്ട് മൂന്ന് മടങ്ങാകുന്നു. ആ തുക 27 മടങ്ങാകാനെടുക്കുന്ന വർഷം എത്ര?

**Ans**
- ✗ A. 31 വർഷം
- ✗ B. 11 വർഷം
- ✗ C. 23 വർഷം
- ✓ D. 21 വർഷം

**Q.39** സുശാന്ത്, വരുൺ എന്നിവർ 400 മീറ്റർ വൃത്താകൃതിയിലുള്ള ട്രാക്കിൽ ഓടുകയാണ്. സുശാന്ത് ഒരു റൗണ്ട് 100 സെക്കൻഡിലും, വരുൺ ഒരു റൗണ്ട് 80 സെക്കൻഡിലും പൂർത്തിയാക്കുന്നു. അവർ ഒരേ പോയന്റിൽ നിന്ന് ഒരേസമയം ആരംഭിച്ച് വിപരീത ദിശകളിലേക്ക് ഓടുന്നു. അവർ രണ്ടുപേരും വീണ്ടും ഒരുമിച്ച് ആരംഭിച്ച പോയിന്റിൽ തിരിച്ചെത്തുന്നതിന് മുൻപ് എത്ര തവണ പരസ്പരം കണ്ടുമുട്ടും?

**Ans**
- ✓ A. 8
- ✗ B. 10
- ✗ C. 12
- ✗ D. 9

**Q.40** Two tangents, PQ and QR, are drawn from an external point Q to a ci
$\angle PQR = 60^\circ$ and the radius of the circle is 9 cm, find the perimeter c

**Ans**
- ✓ A. 120 cm
- ✗ B. 95 cm
- ✗ C. 135 cm
- ✗ D. 80 cm

**Q.41** ദി ഇന്റർ നാഷണൽ ഡേ ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (IDDRR) 2025 ഏത് പ്രമേയത്തിനു കീഴിൽ ആണ് ആചരിക്കുന്നത്?

**Ans**
- ✓ A. ദുരന്തങ്ങൾക്കല്ല, അതിജീവനത്തിനാണ് ഫണ്ട്
- ✗ B. കൂട്ടായ പ്രയത്നത്തിലൂടെ സമൂഹങ്ങളെ പുനർനിർമ്മിക്കുക
- ✗ C. മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തമാക്കുക
- ✗ D. സുസ്ഥിര ഭാവിക്കായുള്ള നിക്ഷേപം

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

Q.42 ഈ ചോദ്യത്തിൽ, താഴെ നൽകിയിരിക്കുന്ന കോഡുകളും തുടർന്നുള്ള മാനദണ്ഡങ്ങളും അനുസരിച്ച് അക്ഷര കോഡുകൾ ഉപയോഗിച്ച് ഒരു കൂട്ടം സംഖ്യ/ചിഹ്നം കോഡ് ചെയ്യുന്നു. മാനദണ്ഡങ്ങൾ പിന്തുടരുന്ന കോഡുകളുടെ ശരിയായ സംയോജനമാണ് നിങ്ങളുടെ ഉത്തരം. മാനദണ്ഡങ്ങളൊന്നും പാലിക്കുന്നില്ലെങ്കിൽ, പട്ടികയിൽ തന്നിരിക്കുന്ന കോഡുകൾ അനുസരിച്ച് ഘടകങ്ങൾ കോഡ് ചെയ്യണം

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സംഖ്യ/ചിഹ്നം | 3 | $ | 5 | 1 | @ | % | 2 | & | + | 7 | # | 8 | 4 | 6 |
| കോഡ് | W | I | D | M | O | H | Z | T | G | S | U | E | X | V |

മാനദണ്ഡങ്ങൾ:
(i) ആദ്യത്തെയും അവസാനത്തെയും ഘടകങ്ങൾ ചിഹ്നങ്ങളാണെങ്കിൽ, ഇവ രണ്ടിന്റെയും (ആദ്യത്തെയും അവസാനത്തെയും ഘടകകങ്ങൾ) കോഡുകൾ പരസ്പരം മാറ്റണം.
(ii) ആദ്യ ഘടകം ഒരു ഒറ്റ സംഖ്യയും അവസാന ഘടകം ഒരു ഇരട്ട സംഖ്യയുമാണെങ്കിൽ, ആദ്യത്തെയും അവസാനത്തെയും ഘടകങ്ങൾ © ആയി കോഡ് ചെയ്യണം.
(iii) രണ്ടാമത്തെയും മൂന്നാമത്തെയും ഘടകങ്ങൾ പൂർണ്ണ വർഗ്ഗങ്ങളാണെങ്കിൽ, മൂന്നാമത്തെ ഘടകത്തിന്റെ കോഡ് രണ്ടാമത്തെ ഘടകത്തിന്റെ കോഡായി കോഡ് ചെയ്യണം.

തന്നിരിക്കുന്ന സംഖ്യ/ചിഹ്ന കൂട്ടത്തിന്റെ കോഡ് എന്ത്?
3 % @ 1 4

Ans
✗ A. W H O M X
✗ B. W M O H ©
✓ C. © H O M ©
✗ D. © M O H ©

Q.43 2025 സെപ്റ്റംബർ 22-ന് പാരീസിൽ നടന്ന ചടങ്ങിൽ ഏത് താരമാണ് 2025-ലെ (പുരുഷന്മാരുടെ) ബാലൺ ഡി ഓർ പുരസ്കാരം നേടിയത്?

Ans
✗ A. കൈലിയൻ എംബാപ്പെ
✗ B. ജൂഡ് ബെല്ലിംഗ്ഹാം
✓ C. ഉസ്മാനെ ഡെംബലെ
✗ D. എർലിംഗ് ഹാലാൻഡ്

Q.44 2025-ലെ സസ്റ്റെയ്നബിൾ ഹാർണസിങ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് ന്യൂക്ലിയർ എനർജി ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ ആക്റ്റിനു കീഴിൽ തന്നിരിക്കുന്ന ബോർഡുകളിൽ ഏതാണ് സ്ഥാപിക്കുക?

Ans
✗ A. ന്യൂക്ലിയർ പവർ ഡെവലപ്മെന്റ് ബോർഡ്
✓ B. ആറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ്
✗ C. സെൻട്രൽ റേഡിയേഷൻ മോണിറ്ററിംഗ് ബോർഡ്
✗ D. നാഷണൽ ന്യൂക്ലിയർ സേഫ്റ്റി ബോർഡ്

Q.45 A, B, C, D, E, F, G, H എന്നിവർ ഒരു ചതുരാകൃതിയിലുള്ള മേശയ്ക്ക് ചുറ്റും അതിന്റെ മധ്യഭാഗത്തേക്ക് അഭിമുഖമായി ഇരിക്കുന്നു. അവരിൽ ചിലർ മേശയുടെ മൂലകളിലും ചിലർ വശങ്ങളുടെ കൃത്യം മദ്ധ്യത്തിലുമാണ് ഇരിക്കുന്നത്. H-ന്റെ വലതുവശത്ത് രണ്ടാമതായി B ഇരിക്കുന്നു. B ഏതെങ്കിലും ഒരു വശത്തിന്റെ മദ്ധ്യത്തിലല്ല ഇരിക്കുന്നത്. E, B എന്നിവരുടെ തൊട്ടടുത്താണ് F. H-ന്റെ ഇടതുവശത്ത് മൂന്നാമതായി D ഇരിക്കുന്നു. G ഇരിക്കുന്നത് ഒരു മൂലയിലാണ്. A-യുടെ വലതുവശത്ത് രണ്ടാമതായി C ഇരിക്കുന്നു.
D-യുടെ ഇടതുവശത്ത് നിന്ന് എണ്ണുമ്പോൾ, D, A എന്നിവർക്കിടയിൽ എത്ര പേർ ഇരിക്കുന്നുണ്ട്?

Ans
✗ A. ഒന്ന്
✗ B. മൂന്ന്
✓ C. അഞ്ച്
✗ D. നാല്

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.46** തന്നിരിക്കുന്ന ത്രികങ്ങളിൽ ഓരോ അക്ഷരകൂട്ടവും തുടർന്നു വരുന്ന അക്ഷരകൂട്ടത്തോട് ഒരു പ്രത്യേക യുക്തിയിൽ ബന്ധപ്പെട്ടിരിക്കുന്നു. നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ അതേ യുക്തി പിന്തുടരുന്നത് തിരഞ്ഞെടുക്കുക.

BARS - ARBS - SRAB
FLAM - LAFM - MALF

**Ans**
- ✗ A. WAST - WSAT - TSAW
- ✗ B. BALK - ABLK - KALB
- ✗ C. MIND - INMD - INDM
- ✓ D. KEAT - EAKT - TAEK

**Q.47** ഒരു പ്രത്യേക കോഡ് ഭാഷയിൽ,
A + B എന്നാൽ 'B-യുടെ അമ്മയാണ് A' എന്നും,
A – B എന്നാൽ 'B-യുടെ സഹോദരനാണ് A' എന്നും,
A x B എന്നാൽ 'B-യുടെ ഭാര്യയാണ് A' എന്നും,
A % B എന്നാൽ 'B-യുടെ അച്ഛനാണ് A' എന്നും,
A # B എന്നാൽ 'B-യുടെ മകളാണ് A' എന്നുമാണർത്ഥം.
തന്നിരിക്കുന്നവയിൽ L-ന്റെ ഭാര്യയുടെ സഹോദരിയാണ് Q എന്ന് അർത്ഥമാക്കുന്നത് ഏതാണ്?
I. V % Q # K + Z – T x L
I. V + Q # K % Z – T + L
I. V # K x Q % L + T # Z
/. V + Q # G – Z % T + L

**Ans**
- ✗ A. IV മാത്രം
- ✓ B. I മാത്രം
- ✗ C. I, III എന്നിവ രണ്ടും
- ✗ D. II, IV എന്നിവ രണ്ടും

**Q.48** ചോളന്മാരുടെ കാലത്തെ പ്രാദേശിക സ്വയംഭരണ സംവിധാനം ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്നത് തന്നിരിക്കുന്നവയിൽ ഏതിലാണ്?

**Ans**
- ✗ A. ഹാതീഗുംഫാ ലിഖിതത്തിൽ
- ✓ B. ഉത്തരമേരൂർ ലിഖിതത്തിൽ
- ✗ C. ഐഹോളെ ലിഖിതത്തിൽ
- ✗ D. അലഹബാദ് സ്തംഭ ലിഖിതത്തിൽ

**Q.49** ഒരു പുതിയ കീടനാശിനി ഒരു കാർഷിക മേഖലയിലെ പ്രാണികളുടെ എണ്ണം കുറയ്ക്കുന്നു. പക്ഷികൾ, സസ്യങ്ങൾ, വിഘാടകർ എന്നിവയുടെ പങ്ക് കണക്കിലെടുത്ത് വയലിന്റെ ഭക്ഷ്യശൃംഖലാജാലത്തിൽ ഏറ്റവും സാധ്യതയുള്ള സ്വാധീനം പ്രവചിക്കുക.

**Ans**
- ✓ A. ഇരകളായ പ്രാണികളുടെ എണ്ണം കുറവായതിനാൽ പക്ഷികളുടെ എണ്ണം കുറയുകയും ഊർജ്ജപ്രവാഹത്തിൽ മാറ്റം വരുകയും ചെയ്യാം
- ✗ B. കൂടുതൽ മൃത ജൈവവസ്തുക്കൾ കാരണം വിഘാടകർ ഗണ്യമായി വർദ്ധിക്കും
- ✗ C. പരാഗണകാരികളുടെ അഭാവം മൂലം സസ്യങ്ങളുടെ എണ്ണം ഗണ്യമായി കുറയും
- ✗ D. ആവാസവ്യവസ്ഥയിലെ എല്ലാ പോഷണ തലങ്ങളിലും ഊർജ്ജ പ്രവാഹം നിലക്കും

**Q.50** 750 മീറ്റർ നീളമുള്ള ഒരു നേർരേഖാ ഓട്ടമത്സരത്തിൽ, X എന്നയാൾ Y-യെ 10 മീറ്ററിന് തോൽപ്പിക്കുന്നു. 444 മീറ്റർ മത്സരത്തിൽ Y എന്നയാൾ Z-നെ 6 മീറ്ററിന് തോൽപ്പിക്കുന്നു. എങ്കിൽ 150 മീറ്റർ മത്സരത്തിൽ X എന്നയാൾ Z-നെ എത്ര മീറ്ററിന് തോൽപ്പിക്കും?

**Ans**
- ✗ A. 6
- ✓ B. 4
- ✗ C. 2
- ✗ D. 3

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.51** **Which of the following islands in Maharashtra is a UNESCO World Heritage site known for its ancient caves and 5th-century sculptures?**

**Ans**
- ✔ A. Elephanta Island
- ✘ B. Khanderi Island
- ✘ C. Salsette Island
- ✘ D. Butcher Island

**Q.52** **ഒരു ശാസ്ത്രജ്ഞൻ ഒരു ഉരുളക്കിഴങ്ങിന്റെ സംഭരണ കലയിൽ നിറമില്ലാത്ത നിരവധി ജൈവകണങ്ങൾ അടങ്ങിയ ഒരു സസ്യകോശം നിരീക്ഷിക്കുന്നു. ഈ ജൈവകണങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കാൻ സാധ്യതയുള്ള ധർമ്മം ഏതാണ്?**

**Ans**
- ✘ A. ചുവപ്പ്, മഞ്ഞ വർണകങ്ങൾ സംശ്ലേഷിപ്പിക്കുന്നു
- ✘ B. ഊർജ്ജം ഉൽപാദിപ്പിക്കാൻ സൂര്യപ്രകാശം ആഗിരണം ചെയ്യൽ
- ✘ C. പ്രോട്ടീൻ സംശ്ലേഷണത്തിനായി അമിനോ ആസിഡുകൾ ഉൽപാദിപ്പിക്കൽ
- ✔ D. പ്രകാശസംശ്ലേഷണത്തിലൂടെ ഉൽപാദിപ്പിക്കുന്ന അന്നജം സംഭരിക്കൽ

**Q.53** **Which dance form was earlier known by the generic name Yakshagaana?**

**Ans**
- ✘ A. Kathak
- ✘ B. Mohiniyattam
- ✔ C. Kuchipudi
- ✘ D. Bharatanatyam

**Q.54** **Who among the following was jointly awarded the 2025 Nobel Prize in Economic Sciences along with 2 other economists?**

**Ans**
- ✘ A. Paul Krugman
- ✘ B. Daron Acemoglu
- ✔ C. Joel Mokyr
- ✘ D. Thomas Piketty

**Q.55** **ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തെ അടിസ്ഥാനമാക്കി CM24 എന്നത് ഒരു പ്രത്യേകരീതിയിൽ HR26 എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേ രീതിയിൽ, AT15 എന്നത് FY17-മായി ബന്ധപ്പെട്ടിരിക്കുന്നു. അതേ യുക്തി പിന്തുടർന്നാൽ, തന്നിരിക്കുന്നവയിൽ CR12-മായി ബന്ധപ്പെട്ടിരിക്കുന്നത് ഏത്?**

**Ans**
- ✘ A. IW14
- ✔ B. HW14
- ✘ C. HV14
- ✘ D. IV14

**Q.56** **Which organisation established a committee on invasive alien species in March 2026?**

**Ans**
- ✘ A. Indian Council of Forestry Research
- ✘ B. Ministry of Environment
- ✔ C. National Biodiversity Authority
- ✘ D. Central Pollution Control Board

**Q.57** **The Industrial Policy Resolution (1956), adopted during the Second Five Year Plan, aimed at which of the following?**

**Ans**
- ✘ A. Promoting only consumer goods industries
- ✘ B. Reducing public sector involvement
- ✔ C. Establishing a socialist pattern of society
- ✘ D. Privatization of heavy industries

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.58** **A sum of ₹3059 is divided into three parts such that half of the first part, one-fourth of the second part, and one-eighth of the third part are equal. Find the value (in ₹) of the third part.**

**Ans**
- ✗ A. 1548
- ✓ B. 1748
- ✗ C. 1848
- ✗ D. 1948

**Q.59** **A wire of resistance 10 ohms is cut into two equal pieces. If these pieces are connected in parallel, what is the equivalent resistance?**

**Ans**
- ✗ A. 5 ohms
- ✗ B. 10 ohms
- ✓ C. 2.5 ohms
- ✗ D. 20 ohms

**Q.60** **ഒറ്റക്കൊമ്പുള്ള കാണ്ടാമൃഗത്തിന്റെ വിജയകരമായ സംരക്ഷണത്തിന് പേരുകേട്ട ഇന്ത്യയിലെ സംരക്ഷണ കേന്ദ്രം ഏത്?**

**Ans**
- ✗ A. സൈലന്റ് വാലി ദേശീയ ഉദ്യാനം
- ✓ B. കാസിരംഗ ദേശീയ ഉദ്യാനം
- ✗ C. ഗിർ ദേശീയ ഉദ്യാനം
- ✗ D. പെരിയാർ വന്യജീവി സങ്കേതം

**Q.61** **അമിത് തറയിൽ നിന്നുകൊണ്ട് 100 m നീളമുള്ള ഒരു ചരട് ഉപയോഗിച്ച് 30° മേൽകോണിൽ പട്ടം പറത്തുന്നു. നിതിൻ 10 m ഉയരമുള്ള ഒരു കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുകൊണ്ട് 45° മേൽകോണിൽ പട്ടം പറത്തുന്നു. പട്ടങ്ങൾ സന്ധിക്കുന്ന ബിന്ദുവിന്റെ എതിർവശങ്ങളിലാണ് രണ്ട് ആൺകുട്ടികളും നിൽക്കുന്നത്. രണ്ട് പട്ടങ്ങളും ഒരേ ബിന്ദുവിൽ കൂട്ടിമുട്ടുന്നതിനായി നിതിൻ ഉപയോഗിക്കേണ്ട ചരടിന്റെ നീളം (m-ൽ) കണ്ടെത്തുക.**

**Ans**
- ✗ A. $40\sqrt{3}$
- ✓ B. $40\sqrt{2}$
- ✗ C. $50\sqrt{2}$
- ✗ D. $50\sqrt{3}$

**Q.62** **തീവ്രവാദ സമീപനം മിതവാദി സമീപനത്തിൽ നിന്ന് വ്യത്യസ്തമാകാൻ കാരണം പ്രധാനമായും തീവ്രവാദികൾ ___ എന്നതിനാൽ ആണ്.**

**Ans**
- ✗ A. പൊതുജനക്ഷേമത്തിനായി ദേശീയ സാമ്പത്തിക നയങ്ങൾ ഉപയോഗിക്കുന്നതിനെ എതിർത്തു
- ✓ B. ബഹുജന പങ്കാളിത്തത്തിനും നേരിട്ടുള്ള രാഷ്ട്രീയ പ്രക്ഷോഭത്തിനും ഊന്നൽ നൽകി.
- ✗ C. സ്വരാജിലേക്കുള്ള ഏക പാതയായി ഭരണ പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിച്ചു
- ✗ D. സർക്കാരുമായി പ്രത്യേക ഭരണഘടനാ ചർച്ചകൾ നടത്തണമെന്ന് വാദിച്ചു.

**Q.63** **x ഉൾപ്പെടുന്ന മിശ്ര ആവർത്തന ദശാംശങ്ങളുള്ള (mixed recurring decimals) തന്നിരിക്കുന്ന സമവാക്യം നിർദ്ധാരണം ചെയ്ത് നിർദ്ധാരണ മൂല്യം ഭിന്നസംഖ്യയായി എഴുതുക.**
**3x + 2.3666... = 5.4666...**

**Ans**
- ✓ A. $\frac{31}{30}$
- ✗ B. $\frac{31}{26}$
- ✗ C. $\frac{29}{31}$
- ✗ D. $\frac{31}{20}$

Generated by rank.qmaths.in

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.64** ഇന്ത്യയിലെ, തന്നിരിക്കുന്നവയിലെ ഏത് ധാതു വിഭവ പദ്ധതികളാണ് അവയുടെ പ്രദേശങ്ങളുമായി ശരിയായി പൊരുത്തപ്പെടുന്നത്?

**Ans**
- ✗ A. നെയ്‌വേലി ലിഗ്നൈറ്റ് പ്രൊജക്റ്റ് – പഞ്ചാബ്
- ✓ B. കുദ്രേമുഖ് അയൺ ഓർ പ്രൊജക്റ്റ് – കർണാടക
- ✗ C. റാണിഗഞ്ച് കോൾഫീൽഡ് – ഗുജറാത്ത്
- ✗ D. കോർബ കോൾഫീൽഡ് – രാജസ്ഥാൻ

**Q.65** ബ്രിട്ടീഷ് കാർഷിക ചൂഷണത്തിനെതിരെ ചെറുത്തുനിൽക്കുന്നതിനായി, വയനാട് മേഖലയിലെ കേരളത്തിലെ ആദ്യത്തെ കാർഷിക ഗോത്രം 1812-ൽ 19-മത് നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒരു ഗോത്ര കലാപം സംഘടിപ്പിച്ചു. ഈ കലാപം അറിയപ്പെടുന്നത്:

**Ans**
- ✗ A. ഖാദർ ഗോത്ര കലാപം
- ✗ B. കോയ വിപ്ലവം
- ✓ C. കുറിച്യ കലാപം
- ✗ D. കുറുമ്പ പ്രക്ഷോഭം

**Q.66** ഇന്ത്യൻ ഭരണഘടനയുടെ 75(3) ആർട്ടിക്കിൾ പ്രകാരം, ജനങ്ങളുടെ സഭ (ലോക സഭ) -ക്ക് കൂട്ടായി ഉത്തരവാദിത്തം വഹിക്കുന്ന സ്ഥാപനം ഏത്?

**Ans**
- ✓ A. മന്ത്രിസഭ
- ✗ B. രാജ്യസഭ
- ✗ C. ഇന്ത്യൻ ധനകാര്യ കമ്മീഷൻ
- ✗ D. സുപ്രീം കോടതി

**Q.67** തന്നിരിക്കുന്ന രണ്ട് ത്രികങ്ങൾ പിന്തുടരുന്ന അതേ പാറ്റേൺ പിന്തുടരുന്ന ത്രികം തിരഞ്ഞെടുക്കുക. രണ്ട് ത്രികങ്ങളും ഒരേ പാറ്റേൺ പിന്തുടരുന്നു.

CF – GI – KL
MP - QS – UV

**Ans**
- ✗ A. BF – EI – HL
- ✓ B. OR – SU – WX
- ✗ C. PL – RN – TP
- ✗ D. RM – QT – PR

**Q.68** ഒരു വ്യക്തി P എന്ന സ്ഥലത്ത് നിന്ന് Q എന്ന സ്ഥലത്തേക്ക് യാത്ര ചെയ്ത് P എന്ന സ്ഥലത്തേക്കാൾ 15% വിലക്കുറവുള്ള ഒരു സാധനം വാങ്ങുന്നു. അയാൾ യാത്രയ്ക്കായി ₹150 ചെലവഴിക്കുകയും എന്നിട്ടും P എന്ന സ്ഥലത്ത് നിന്ന് സാധനം വാങ്ങുന്നതിനേക്കാൾ ₹150 ലാഭിക്കുകയും ചെയ്യുന്നു. P എന്ന സ്ഥലത്തെ വിലയെ അപേക്ഷിച്ച് അയാൾക്ക് എത്ര ശതമാനം ലാഭിക്കാം?

**Ans**
- ✗ A. 4.5%
- ✓ B. 7.5%
- ✗ C. 3.5%
- ✗ D. 9%

**Q.69** At which level of the Panchayati Raj system do Mandal or Taluka Panchayats function?

**Ans**
- ✗ A. Metropolitan level
- ✗ B. Village level
- ✓ C. Intermediate level
- ✗ D. District level

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

Q.70 വായുവിൽ നിന്നോ മണ്ണിൽ നിന്നോ ഉള്ള കാർബൺ ഡൈ ഓക്സൈഡ് ജലവുമായി സംയോജിക്കുന്ന ഒരു രാസാപക്ഷയ പ്രക്രിയയെ (chemical weathering process) വിളിക്കുന്നത്?

Ans
- ✗ A. കാർബോക്സിലേഷൻ
- ✗ B. കാർബൊലേഷൻ
- ✓ C. കാർബണേഷൻ
- ✗ D. കാർബറേഷൻ

Q.71 ഒരു MS പവർപോയിന്റ് പ്രസന്റേഷൻ PDF ഫോർമാറ്റിലേക്ക് കൺവെർട്ട് ചെയ്യുന്നതിന്റെ പ്രധാന നേട്ടം എന്താണ്?

Ans
- ✗ A. ഒന്നിലധികം സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ക്രോസ്-പ്ലാറ്റ്ഫോം എഡിറ്റിംഗ് പ്രാപ്തമാക്കുന്നു.
- ✗ B. ഡോക്യുമെന്റ് എൻക്രിപ്ഷനും പാസ്‌വേഡ് പ്രൊട്ടക്ഷനും ഓട്ടോമാറ്റിക്കായി അപ്ലൈ ചെയ്യുന്നു.
- ✗ C. ദൃശ്യ നിലവാരം നിലനിർത്തിക്കൊണ്ട് ഫയൽ സൈസ് ഗണ്യമായി കുറയ്ക്കുന്നു
- ✓ D. പവർപോയിന്റ് സോഫ്റ്റ്വെയർ ആവശ്യമില്ലാതെ തന്നെ യൂണിവേഴ്സൽ വ്യൂ പ്രാപ്തമാക്കുന്നു.

Q.72 Primary deficit is fiscal deficit minus:

Ans
- ✗ A. Capital expenditure
- ✗ B. Borrowings
- ✓ C. Interest payments
- ✗ D. Revenue deficit

Q.73 ഈ ചോദ്യം നൽകിയിരിക്കുന്ന പദങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

(ഇടത്) TON TAR DEV TAB (വലത്)

വലതുവശത്ത് നിന്നുള്ള രണ്ടാമത്തെ വാക്കിന്റെ രണ്ടാമത്തെ അക്ഷരത്തിനും ഇടതുവശത്ത് നിന്നുള്ള ആദ്യത്തെ വാക്കിന്റെ രണ്ടാമത്തെ അക്ഷരത്തിനും ഇടയിൽ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ എത്ര അക്ഷരങ്ങളുണ്ട്?

Ans
- ✗ A. 8
- ✓ B. 9
- ✗ C. 6
- ✗ D. 7

Q.74 തന്നിരിക്കുന്ന ശ്രേണി യുക്തിസഹമായി പൂർണമാക്കാൻ, അതിലെ ചോദ്യചിഹ്നത്തിന് (?) പകരം വരേണ്ട അക്ഷര-സംഖ്യാക്കൂട്ടം ഏത്?

LTP25 MUQ36 NVR47 OWS58 ?

Ans
- ✓ A. PXT69
- ✗ B. PXU69
- ✗ C. PXT68
- ✗ D. PXU68

Q.75 Which Article of the Constitution of India specifically provides for the constitution of Panchayats at the village, intermediate, and district levels?

Ans
- ✓ A. Article 243B
- ✗ B. Article 243A
- ✗ C. Article 243H
- ✗ D. Article 243D

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.76** പ്രശസ്ത നോവലായ "ദി ഗൈഡ്" എഴുതിയത് ഏത് ഇന്ത്യൻ എഴുത്തുകാരനാണ്?

Ans
- ✔ A. R. K. നാരായൺ
- ✘ B. രാജ റാവു
- ✘ C. ഖുശ്‌വന്ത് സിംഗ്
- ✘ D. വിക്രം സേത്ത്

**Q.77** പത്ത് വശങ്ങളുള്ള ഒരു രൂപത്തിന്റെ അഞ്ച് ആന്തരിക കോണുകൾ ഓരോന്നും 185 ഡിഗ്രിയാണ്. ശേഷിക്കുന്ന അഞ്ച് ആന്തരിക കോണുകൾ തുല്യമാണെങ്കിൽ, അഞ്ച് കോണുകളിൽ ഓരോന്നും (ഡിഗ്രികളിൽ) തുല്യമാകുന്നത്:

Ans
- ✔ A. 103
- ✘ B. 101
- ✘ C. 105
- ✘ D. 107

**Q.78** നിങ്ങളുടെ പക്കൽ ഒരു വലിയ ഡാറ്റാസെറ്റ് ഉണ്ട്. വ്യത്യസ്ത കോളങ്ങളെ അടിസ്ഥാനമാക്കി നിങ്ങൾക്ക് ഇടക്കിടെ ഇത് സോർട്ട് ചെയ്യേണ്ടതുണ്ട്. 'Sort' ഡയലോഗ് ബോക്സ് ആവർത്തിച്ച് തുറക്കാതെ തന്നെ, വ്യത്യസ്ത സോർട്ടിംഗ് മാനദണ്ഡങ്ങൾ വേഗത്തിൽ ആക്സസ് ചെയ്യാനും അപ്ലൈ ചെയ്യാനും ഉള്ള ഒരു കാര്യക്ഷമമായ മാർഗ്ഗം എന്താണ്?

Ans
- ✘ A. ഓരോ തവണയും ആവശ്യമുള്ള കോളം മാനുവലായി തിരഞ്ഞെടുത്ത് quick sort ബട്ടണുകൾ ഉപയോഗിക്കുക
- ✘ B. Quick Access ടൂൾബാറിൽ "Sort" കമാൻഡ് ആഡ് ചെയ്യുക, ഓരോ തവണയും sort settings കോൺഫിഗർ ചെയ്യുക
- ✘ C. നിങ്ങൾ സോർട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന ഓരോ കോളത്തിനും സ്ലൈസറുകൾ ക്രിയേറ്റ് ചെയ്യുക
- ✔ D. സാധാരണയായി ഉപയോഗിക്കുന്ന ഓരോ സോർട്ട് ഓർഡറിനും ഒരു മാക്രോ റെക്കോർഡ് ചെയ്യുക.

**Q.79** A, B എന്നിവർ 35 ദിവസം കൊണ്ട് ഒരു ജോലി പൂർത്തിയാക്കുന്നു. A-ക്ക് മാത്രം 60 ദിവസം കൊണ്ട് അത് ചെയ്യാൻ കഴിയുമെങ്കിൽ, അതേ ജോലിയുടെ മൂന്നിലൊന്ന് B-ക്ക് ചെയ്യാൻ ___________ ദിവസം കൊണ്ട് കഴിയും.

Ans
- ✘ A. 42
- ✘ B. 84
- ✔ C. 28
- ✘ D. 36

**Q.80** ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുമായി ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളാണ് ശ്രമിക്കുന്നത്?

Ans
- ✘ A. ആർട്ടിക്കിൾ 40
- ✘ B. ആർട്ടിക്കിൾ 39
- ✘ C. ആർട്ടിക്കിൾ 41
- ✔ D. ആർട്ടിക്കിൾ 38

**Q.81** തന്നിരിക്കുന്ന ഓപ്ഷനുകളിൽ $27x^3 + 343y^3 + 189x^2y + 441xy^2$ എന്നതിന് തുല്ല്യമാകുന്നത് ഏത്?

Ans
- ✘ A. $(5x + 7y)^3$
- ✘ B. $(3x + 10y)^3$
- ✘ C. $(7x + 3y)^3$
- ✔ D. $(3x + 7y)^3$

Get the Toppers Choice
BLACKBOOK VOCAB APP - Download Now

Q.82 '+', '–' എന്നിവ പരസ്പരം മാറ്റുകയും, '×', '÷' എന്നിവ പരസ്പരം മാറ്റുകയും ചെയ്താൽ, തന്നിരിക്കുന്ന സമവാക്യത്തിലെ ചോദ്യചിഹ്നത്തിന്റെ '?' സ്ഥാനത്ത് വരുന്നത് ഏത്?

42 x 3 – 25 ÷ 5 + (56 x 8) ÷ 2 – 24 = ?

Ans
- ✗ A. 132
- ✓ B. 149
- ✗ C. 167
- ✗ D. 158

Q.83 രാഹുലിന്റെയും അവന്റെ മകന്റെയും പ്രായങ്ങൾ തമ്മിലുള്ള അനുപാതം 7 : 2 ആണ്. രാഹുലിന് 49 വയസ്സുണ്ടെങ്കിൽ, അവന്റെ മകന്റെ പ്രായം എത്രയാണ്?

Ans
- ✗ A. 12 വയസ്സ്
- ✗ B. 13 വയസ്സ്
- ✗ C. 15 വയസ്സ്
- ✓ D. 14 വയസ്സ്

Q.84 ഒരു ലെൻസിന് മുന്നിലായി 10 cm അകലെ ഒരു വസ്തു വെച്ചിരിക്കുന്നു, അതിന്റെ പ്രതിബിംബം വസ്തുവുള്ള അതേ വശത്ത് തന്നെ 30 cm അകലെയായി രൂപപ്പെടുന്നു. എങ്കിൽ ഈ ലെൻസ് ഉണ്ടാക്കുന്ന ആവർധനം എത്രയാണ്?

Ans
- ✗ A. -3
- ✓ B. 3
- ✗ C. 0.3
- ✗ D. -0.3

Q.85 ഡാറ്റയിലെ മാറ്റത്തിന്റെ റിസൾട്ട് ഉടനടി കാണാൻ യൂസറിനെ അനുവദിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഏതാണ്?

Ans
- ✓ A. സ്പ്രെഡ്ഷീറ്റ്
- ✗ B. ഡാറ്റാബേസ് സോഫ്റ്റ്‌വെയർ
- ✗ C. പ്രസന്റേഷൻ ടൂൾ
- ✗ D. വേർഡ് പ്രോസസർ

Q.86 ലഘൂകരിക്കുക: $\frac{(2^4 \times 3^4 \times 5^4)}{(2^2 \times 3^2 \times 5^2)}$

Ans
- ✗ A. 909
- ✓ B. 900
- ✗ C. 905
- ✗ D. 910

Q.87 A-ക്ക് ഒരു ജോലി 9 ദിവസം കൊണ്ടും B-ക്ക് അതേ ജോലി 22 ദിവസം കൊണ്ടും ചെയ്തു തീർക്കാൻ കഴിയും. അവർ ഒരുമിച്ച് 2 ദിവസം ജോലി ചെയ്താൽ ജോലിയുടെ എത്ര ഭാഗം പൂർത്തിയാകാതെ കിടക്കും?

Ans
- ✓ A. $\frac{68}{99}$
- ✗ B. $\frac{73}{99}$
- ✗ C. $\frac{71}{99}$
- ✗ D. $\frac{76}{99}$

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

Q.88 2025 ജൂണിൽ, ഇന്ത്യയുടെ എക്സ്റ്റേണൽ ഇന്റലിജൻസ് ഏജൻസിയായ റിസർച്ച് ആൻഡ് അനാലിസിസ് വിംഗിന്റെ (RAW) സെക്രട്ടറിയായി നിയമിച്ചത് നൽകിയിരിക്കുന്നവരിൽ ആരെയായിരുന്നു?

Ans
- ✗ A. രവി സിൻഹ
- ✗ B. സാമന്ത് ഗോയൽ
- ✓ C. പരാഗ് ജെയിൻ
- ✗ D. അരവിന്ദ് കുമാർ

Q.89 ഒരു മൊത്തക്കച്ചവടക്കാരൻ, ഒരു ഉപഭോക്താവ് ഒരു ഉൽപന്നത്തിന്റെ 100 യൂണിറ്റിൽ കൂടുതൽ വാങ്ങുകയാണെങ്കിൽ, മൊത്തം വാങ്ങലിന് 2% കിഴിവ് എന്ന ഒരു സ്കീം വാഗ്ദാനം ചെയ്യുന്നു. ഒരു യൂണിറ്റിന്റെ വില ₹20 -ഉം, ഉപഭോക്താവ് 150 യൂണിറ്റുകൾ വാങ്ങുകയുമാണെങ്കിൽ നൽകേണ്ട ആകെ തുക എത്രയാണ്?

Ans
- ✓ A. ₹2,940
- ✗ B. ₹3,020
- ✗ C. ₹2,980
- ✗ D. ₹3,000

Q.90 '+', '–' എന്നിവ പരസ്പരം മാറ്റുകയും, '×', '÷' എന്നിവ പരസ്പരം മാറ്റുകയും ചെയ്താൽ, തന്നിരിക്കുന്ന സമവാക്യത്തിലെ ചോദ്യചിഹ്നത്തിന്റെ '?' സ്ഥാനത്ത് വരുന്നത് ഏത്?

81 x 9 – 14 ÷ 2 + (60 x 6) ÷ 3 – 49 + 15 = ?

Ans
- ✗ A. 64
- ✗ B. 56
- ✓ C. 41
- ✗ D. 32

Q.91 1991-ലെ പരിഷ്കാരങ്ങൾക്ക് ശേഷമുള്ള ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ച് ഇന്ത്യയുടെ സാമ്പത്തിക സർവേ (2002-03) ചർച്ച ചെയ്യുന്നു. ഒരു ജില്ല പുതിയ വ്യവസായങ്ങളെ ആകർഷിക്കാൻ ശ്രമിക്കുമ്പോൾ, ഈ സ്വാധീനത്തെ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന തന്ത്രം ഏതാണ്?

Ans
- ✗ A. കാർഷിക സബ്സിഡി വർദ്ധിപ്പിക്കൽ
- ✗ B. വ്യാവസായിക ലൈസൻസിംഗ് വികസിപ്പിക്കൽ
- ✓ C. ആഭ്യന്തര – വിദേശ സംയുക്ത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ
- ✗ D. വിദേശ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കൽ

Q.92 A, B, C, M, N, O എന്നിവർക്ക് ഓരോരുത്തർക്കും വ്യത്യസ്ത മാർക്കുകൾ ലഭിച്ചു. B-യേക്കാൾ കുറവ് സ്കോർ നേടിയത് രണ്ട് പേർ മാത്രമാണ്. C-യ്ക്ക് M-നേക്കാൾ തൊട്ടുമുകളിൽ കൂടുതൽ സ്കോർ ലഭിച്ചിട്ടുണ്ട്. M, O എന്നിവർക്കിടയിൽ രണ്ട് പേർ മാത്രമേ സ്കോർ നേടിയിട്ടുള്ളൂ. A-ക്കു N-നേക്കാൾ കൂടുതൽ സ്കോർ ലഭിച്ചിട്ടുണ്ട്. ആരും O-യേക്കാൾ കുറവ് സ്കോർ നേടിയിട്ടില്ല. N-നേക്കാൾ കൂടുതൽ എത്ര പേർക്ക് സ്കോർ ലഭിച്ചിട്ടുണ്ട്?

Ans
- ✓ A. നാല്
- ✗ B. ഒന്ന്
- ✗ C. രണ്ട്
- ✗ D. മൂന്ന്

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.93** തന്നിരിക്കുന്ന അക്ഷര, സംഖ്യ, ചിഹ്ന ശ്രേണി പരിഗണിച്ച് ചോദ്യത്തിന് ഉത്തരം നൽകുക. ഇടത്തുനിന്ന് വലത്തോട്ട് മാത്രം എണ്ണുക.

(ഇടത്) Y 7 H # 4 B Q $ 3 L 9 @ N 8 X Z * & T 2 R (വലത്)

തൊട്ടുമുമ്പ് ഒരു സംഖ്യയും തൊട്ടുശേഷം ഒരു അക്ഷരവും വരുന്ന ചിഹ്നങ്ങൾ എത്ര?

**Ans**
- ✔ A. ഒന്ന്
- ✘ B. മൂന്ന്
- ✘ C. രണ്ട്
- ✘ D. ഒന്നുമില്ല

**Q.94** തന്നിരിക്കുന്ന അക്ഷരം, സംഖ്യ, ചിഹ്ന ശ്രേണി എന്നിവ പരിശോധിച്ച് ചോദ്യത്തിന് ഉത്തരം നൽകുക. ഇടത്തുനിന്ന് വലത്തോട്ട് മാത്രം എണ്ണുക. (എല്ലാ സംഖ്യകളും ഒറ്റക്ക സംഖ്യകൾ മാത്രമാണ്.)

(ഇടത്) S R E S 2 U ^ $ + X B 7 N M 7 4 C Z 5 @ U 4 D / (വലത്)

തൊട്ട് മുമ്പ് ഒരു അക്ഷരവും തൊട്ട് ശേഷം ഒരു ചിഹ്നവും വരുന്ന സംഖ്യകൾ എത്ര?

**Ans**
- ✔ A. ഒന്ന്
- ✘ B. ഒന്നുമില്ല
- ✘ C. രണ്ട്
- ✘ D. മൂന്ന്

**Q.95** V, U, T, O, N, M, L എന്നിവർ ഓരോരുത്തരും വ്യത്യസ്ത മാസത്തിലാണ് ജനിച്ചത്. അതായത് ജനുവരിയിൽ ആരംഭിച്ച് ഡിസംബറിൽ അവസാനിക്കുന്ന വിധം വർഷത്തിലെ ജനുവരി, മാർച്ച്, മെയ്, ജൂൺ, ജൂലൈ, സെപ്റ്റംബർ, ഡിസംബർ എന്നിങ്ങനെ വ്യത്യസ്ത മാസങ്ങളിലാണ് ജനിച്ചത്.
M-നേക്കാൾ പ്രായം കൂടുതൽ രണ്ട് പേർക്ക് മാത്രമാണ്. L, M എന്നിവർക്കിടയിൽ രണ്ട് പേർ മാത്രമാണ് ജനിച്ചത്. O-യേക്കാൾ പ്രായം കൂടുതൽ U-വിന് മാത്രമാണ് . T എന്നയാൾക്ക് N-നേക്കാൾ പ്രായം കൂടുതലും എന്നാൽ V-യേക്കാൾ പ്രായം കുറവുമാണ്.
T, U എന്നിവർക്കിടയിൽ എത്ര പേർ ജനിച്ചു?

**Ans**
- ✘ A. രണ്ട്
- ✘ B. ഒന്ന്
- ✔ C. മൂന്ന്
- ✘ D. നാല്

**Q.96** ഒരു ദീർഘ ചതുരാകൃതിയിലുള്ള ഒരു ലോഹ ഷീറ്റിന് 56 cm നീളവും 40 cm വീതിയുമുണ്ട്. ഇതിന്റെ ഓരോ മൂലയിൽ നിന്നും 10 cm വീതമുള്ള ഓരോ സമ ചതുരം മുറിച്ചു മാറ്റുന്നു. ബാക്കിയുള്ള ഷീറ്റ് ഉപയോഗിച്ച് ഒരു അടച്ച പെട്ടി ഉണ്ടാക്കുകയാണെങ്കിൽ, അതിൽ 4.0 cm നീളവും 2.0 cm വീതിയും 1.5 cm ഉയരവുമുള്ള എത്ര തീപ്പെട്ടികൾ ഉൾക്കൊള്ളിക്കാൻ സാധിക്കും?

**Ans**
- ✘ A. 620 പെട്ടികൾ
- ✘ B. 550 പെട്ടികൾ
- ✔ C. 600 പെട്ടികൾ
- ✘ D. 610 പെട്ടികൾ

**Q.97** 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചതിന്റെ ക്രെഡിറ്റ് തന്നിരിക്കുന്നവരിൽ ആർക്കാണ്?

**Ans**
- ✔ A. അലൻ ഒക്ടേവിയൻ ഹ്യൂം
- ✘ B. കഴ്സൺ പ്രഭു
- ✘ C. റിപ്പൺ പ്രഭു
- ✘ D. ഡഫറിൻ പ്രഭു

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.98** നൽകിയിരിക്കുന്ന ശ്രേണിയിൽ '?' എന്നതിന് പകരം വരേണ്ടത് എന്ത്?

39 52 65 78 91 ?

**Ans**
- ✗ A. 99
- ✓ B. 104
- ✗ C. 117
- ✗ D. 110

**Q.99** രണ്ട് സംഖ്യാ ഗണങ്ങൾ താഴെ തന്നിരിക്കുന്നു. ഓരോ സംഖ്യാഗണത്തിലും, ഒന്നാമത്തെ സംഖ്യയിൽ ചില ഗണിത ക്രിയകൾ ചെയ്യുകവഴിയാണ് രണ്ടാമത്തെ സംഖ്യ ലഭിച്ചിരിക്കുന്നത്. അതുപോലെ രണ്ടാമത്തെ സംഖ്യയിൽ ചില ഗണിത ക്രിയകൾ ചെയ്യുകവഴിയാണ് മൂന്നാമത്തെ സംഖ്യ ലഭിച്ചിരിക്കുന്നത്, അപ്രകാരം തുടരുന്നു. തന്നിരിക്കുന്ന ഗണങ്ങളിലെ അതേ രൂപത്തിൽ ഗണിത ക്രിയകൾ പിന്തുടരുന്ന ഓപ്ഷൻ ഏത്?
ശ്രദ്ധിക്കുക: സംഖ്യകളെ അവയുടെ ഘടക അക്കങ്ങളായി വിഭജിക്കാതെ പൂർണ സംഖ്യകളിൽ ക്രിയകൾ നടത്തണം. ഉദാ. 13 – 13-ന് മേൽ ചെയ്യുന്ന കൂട്ടൽ / കുറക്കൽ/ഗുണിക്കൽ തുടങ്ങിയ ക്രിയകൾ 13-ൽ നടത്താം. 13-നെ 1, 3 എന്നിങ്ങനെ ഘടക അക്കങ്ങളായി വിഭജിച്ച് 1, 3 എന്നിവയിൽ ഗണിത ക്രിയകൾ നടത്തുന്നത് അനുവദനീയമല്ല.)
5 – 5 – 25 - 125;
4 – 4 – 16 – 64

**Ans**
- ✓ A. 6 – 6 – 36 – 216
- ✗ B. 3 – 3 – 9 – 36
- ✗ C. 7 – 7 – 49 – 94
- ✗ D. 8 – 8 – 64 – 520


**Q.100** തന്നിരിക്കുന്ന നാല് അക്ഷരക്കൂട്ടങ്ങളിൽ മൂന്നെണ്ണം ഇംഗ്ലീഷ് അക്ഷരമാലാക്രമമനുസരിച്ച് ഒരു പ്രത്യേക രീതിയിൽ സമാനമാണ്, സമാനമായവ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുന്നു, ആ ഗ്രൂപ്പിൽ ഉൾപ്പെടാത്ത അക്ഷരക്കൂട്ടം ഏത്?
(ശ്രദ്ധിക്കുക: ഗ്രൂപ്പിൽ ഉൾപ്പെടാത്തത് വ്യഞ്ജനാക്ഷരങ്ങളുടെ/ സ്വരാക്ഷരങ്ങളുടെ എണ്ണത്തെയോ അക്ഷരക്കൂട്ടത്തിലെ അവയുടെ സ്ഥാനത്തെയോ അടിസ്ഥാനമാക്കിയല്ല

**Ans**
- ✗ A. JOR
- ✗ B. DIL
- ✗ C. HMP
- ✓ D. OSV

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.101** തന്നിരിക്കുന്ന ചിത്രത്തിൽ AB എന്നത് CD-ക്ക് സമാന്തരവും RS ഒരു ഛേദകവുമാണ്. X-ന്റെ മൂല്യം കണ്ടെത്തുക.




a

**Ans**
- ✗ A. 45
- ✗ B. 35
- ✗ C. 65
- ✓ D. 55

**Q.102** തന്നിരിക്കുന്ന സിന്ധുനദീതട സംസ്കാര കേന്ദ്രങ്ങളിൽ ഏതിലാണ് ഒരു കപ്പൽത്തുറ (Dockyard) കണ്ടെത്തിയത്?

**Ans**
- ✗ A. മോഹൻജോ-ദാരോ
- ✗ B. കാളിബംഗൻ
- ✗ C. ഹാരപ്പ
- ✓ D. ലോഥൽ

**Q.103** ഒരു കടയുടമ ₹40,000-ന് ഒരു ലാപ്ടോപ്പ് വാങ്ങുന്നു. ആദ്യം അയാൾ അത് 20% ലാഭത്തിന് വിൽക്കുന്നു. പിന്നീട്, വാങ്ങുന്നയാൾ അത് മറ്റൊരാൾക്ക് 10% നഷ്ടത്തിൽ വിൽക്കുന്നു. ലാപ്ടോപ്പിന്റെ അന്തിമ വിൽപ്പന വില എത്രയാണ്?

**Ans**
- ✗ A. ₹48,000
- ✗ B. ₹42,000
- ✓ C. ₹43,200
- ✗ D. ₹50,000

**Q.104** നൽകിയിരിക്കുന്ന രേഖീയ സമവാക്യങ്ങളുടെ സിസ്റ്റം അനന്തമായ നിരവധി നിർദ്ധാരണ മൂല്യങ്ങൾ നൽകുന്നു.

$3x + 7y = 15$
$ax + by = 30$

a, b എന്നിവയുടെ മൂല്യങ്ങൾ ഏവ?

**Ans**
- ✗ A. a = 3; b = 7
- ✗ B. a = 7; b = 3
- ✗ C. a = 14; b = 6
- ✓ D. a = 6; b = 14

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.105** ഒരു Δ XYZ-ൽ, ∠X-ന്റെ സമഭാജിയായ XT, വശമായ YZ-നെ T-ൽ സന്ധിക്കുന്നു. XY = 5.6 cm, YZ = 6 cm, YT = 3.2 cm എന്നിങ്ങനെ ആണെങ്കിൽ, XZ കണ്ടെത്തുക.

**Ans**
- ✔ A. 4.9 cm
- ✘ B. 6 cm
- ✘ C. 4.2 cm
- ✘ D. 5.4 cm

**Q.106** ഒരു ദീർഘചതുരാകൃതിയിലുള്ള വയലിന് 68.5 m നീളവും 45.6 m വീതിയുമുണ്ട്. ഈ വയലിന് ചുറ്റും പുറത്തുകൂടി 2.4 m ഒരേ വീതിയുള്ള ഒരു പാത നിർമ്മിച്ചിരിക്കുന്നു. ഈ പാതയുടെ ബാഹ്യ ചുറ്റളവും യഥാർത്ഥ വയലിന്റെ ചുറ്റളവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

**Ans**
- ✘ A. 20 m
- ✘ B. 17 m
- ✔ C. 19.2 m
- ✘ D. 18.5 m

**Q.107** ഒരു നിശ്ചിത എണ്ണം ആളുകൾ ഒരു നിരയിൽ വടക്കോട്ട് അഭിമുഖമായി ഇരിക്കുന്നു. നിരയുടെ ഏറ്റവും ഇടത് അറ്റത്ത് E ഇരിക്കുന്നു. E, F എന്നിവർക്കിടയിൽ കൃത്യം ഏഴ് പേർ ഇരിക്കുന്നു. F-ന്റെ വലതുവശത്ത് മൂന്നാമതായി A ഇരിക്കുന്നു. C, B എന്നിവർക്കിടയിൽ കൃത്യം നാല് പേർ ഇരിക്കുന്നു. E, F എന്നിവരുടെ കൃത്യം നടുവിൽ C ഇരിക്കുന്നു. B, D എന്നിവർക്കിടയിൽ കൃത്യം നാല് പേർ ഇരിക്കുന്നു. ഏതെങ്കിലും ഒരു അറ്റത്താണ് D ഇരിക്കുന്നത്. നിരയിൽ ഇരിക്കുന്ന മൊത്തം ആളുകളുടെ എണ്ണം എത്ര?

**Ans**
- ✔ A. 15
- ✘ B. 10
- ✘ C. 8
- ✘ D. 12

**Q.108** തന്നിരിക്കുന്ന നാല് അക്ഷരക്കൂട്ടങ്ങളിൽ മൂന്നെണ്ണം ഇംഗ്ലീഷ് അക്ഷരമാലാക്രമമനുസരിച്ച് ഒരു പ്രത്യേക രീതിയിൽ സമാനമാണ്, സമാനമായവ ഒരു ഗ്രൂപ്പ് രൂപപ്പെടുത്തുന്നു, ആ ഗ്രൂപ്പിൽ ഉൾപ്പെടാത്തത് ഏത്? (ശ്രദ്ധിക്കുക: ഗ്രൂപ്പിൽ ഉൾപ്പെടാത്തത് വ്യഞ്ജനാക്ഷരങ്ങളുടെ/സ്വരാക്ഷരങ്ങളുടെ എണ്ണത്തെയോ അക്ഷരക്കൂട്ടത്തിലെ അവയുടെ സ്ഥാനത്തെയോ അടിസ്ഥാനമാക്കിയല്ല.)

**Ans**
- ✘ A. GJE
- ✔ B. LMK
- ✘ C. RUP
- ✘ D. ORM

**Q.109** കോശവിഭജനത്തിന്റെയും പ്രവർത്തനത്തിന്റെയും കാര്യത്തിൽ മെരിസ്റ്റമിക കലയെ മറ്റ് സസ്യകലകളിൽ നിന്ന് ഏറ്റവും നന്നായി വേർതിരിക്കുന്നത് ഏത് സവിശേഷതയാണ്?

**Ans**
- ✘ A. കോശങ്ങൾ സസ്യത്തിലുടനീളം ജലവും ധാതുക്കളും സംവഹനം ചെയ്യുന്നു
- ✘ B. കോശങ്ങൾ സുപ്രധാന പോഷകങ്ങൾ സംഭരിക്കുകയും കരുതൽ ശേഖരം നിലനിർത്തുകയും ചെയ്യുന്നു.
- ✘ C. കോശങ്ങൾ സസ്യങ്ങളുടെ ഉപരിതലത്തിലുടനീളം ഒരു സംരക്ഷണ ആവരണം ഉണ്ടാക്കുന്നു
- ✔ D. കോശങ്ങൾ സജീവമായി വിഭജിക്കുകയും സസ്യ വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

Q.110 'O' എന്ന പൊതുകേന്ദ്രമുള്ള രണ്ട് ഏകകേന്ദ്ര വൃത്തങ്ങളിൽ, ബാഹ്യ വൃത്തത്തിൽ AB എന്ന ഒരു ഞാൺ ഉണ്ട്, അത് അന്തർ വൃത്തത്തെ C, D എന്നീ ബിന്ദുക്കളിൽ ഖണ്ഡിക്കുന്നു. കേന്ദ്രത്തിൽ നിന്ന് ഞാണിലേക്കുള്ള ദൂരം 3 cm, ബാഹ്യ ആരം 13 cm, ആന്തരിക ആരം 7 cm എന്നിങ്ങനെയാണെങ്കിൽ, AC യുടെ നീളം (cm-ൽ):

Ans
- ✗ A. $3\sqrt{10}$
- ✗ B. $5\sqrt{10}$
- ✗ C. $4\sqrt{10}$
- ✓ D. $2\sqrt{10}$

Q.111 ഒരു നിശ്ചിത സമയത്തിൽ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ നിരക്കിനെ സൂചിപ്പിക്കുന്ന അളവ് ഏതാണ്?

Ans
- ✓ A. പവർ
- ✗ B. ഊർജ്ജം
- ✗ C. ബലം
- ✗ D. സ്ഥാനാന്തരം

Q.112 '+', '−' എന്നിവ പരസ്പരം മാറ്റുകയും, '×', '÷' എന്നിവ പരസ്പരം മാറ്റുകയും ചെയ്താൽ, തന്നിരിക്കുന്ന സമവാക്യത്തിലെ ചോദ്യചിഹ്നത്തിന്റെ (?) സ്ഥാനത്ത് വരുന്നത് ഏത്?

35 + 10 × 2 − 15 ÷ 3 = ?

Ans
- ✓ A. 75
- ✗ B. 74
- ✗ C. 76
- ✗ D. 77

Q.113 ഫലഭൂയിഷ്ഠമായ സമതലങ്ങൾ, വ്യവസായവൽക്കരണം, നഗര വികസനം എന്നിവ കാരണം ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശം തന്നിരിക്കുന്നവയിൽ ഏത്?

Ans
- ✓ A. തെക്ക്, കിഴക്ക് ഏഷ്യ
- ✗ B. ആമസോൺ തടം
- ✗ C. സഹാറ മരുഭൂമി
- ✗ D. ഗ്രീൻലാൻഡ്

Q.114 ഒരു യൂസർ ഒരു ലാർജ് ഫയൽ ഇന്റർനെറ്റിലൂടെ ഒരു സഹപ്രവർത്തകന് ട്രാൻസ്ഫർ ചെയ്യാൻ ആഗ്രഹിക്കുന്നു. ഈ ടാസ്കിന് ഏറ്റവും അനുയോജ്യമായ ഇന്റർനെറ്റ് സർവീസ് ഏത്?

Ans
- ✓ A. ഫയൽ ട്രാൻസ്ഫർ പ്രോട്ടോക്കോൾ (FTP)
- ✗ B. ഇൻസ്റ്റന്റ് മെസേജിംഗ്
- ✗ C. E-മെയിൽ
- ✗ D. വേൾഡ് വൈഡ് വെബ്

Q.115 നവോത്ഥാന കാലഘട്ടത്തിലെ കലാ ശേഖരത്തിനും നിയോക്ലാസിക്കൽ വാസ്തുവിദ്യയ്ക്കും പേരുകേട്ട കൊൽക്കത്തയിലെ മാർബിൾ പാലസ് നിർമ്മിച്ചത് ആരാണ്?

Ans
- ✗ A. ദാദാഭായ് നവറോജി
- ✗ B. കേശവ് ചന്ദ്ര സെൻ
- ✗ C. ബങ്കിം ചന്ദ്ര ചാറ്റർജി
- ✓ D. രാജാ രാജേന്ദ്ര മുല്ലിക്

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

**Q.116** 'A' എന്നാൽ '÷' എന്നും, 'B' എന്നാൽ '×' എന്നും, 'C' എന്നാൽ '+' എന്നും, 'D' എന്നാൽ '–' എന്നും ആണെങ്കിൽ, തന്നിരിക്കുന്ന സമവാക്യത്തിൽ ചോദ്യചിഹ്നത്തിന്റെ( ?) സ്ഥാനത്ത് വരുന്നത് എന്ത്?

24 C 16 D 8 A 4 B 2 = ?

**Ans**
- ✗ A. 28
- ✗ B. 40
- ✗ C. 32
- ✓ D. 36

**Q.117** P, Q, S, T, Y, Z എന്നിവർ ഓരോരുത്തരും വ്യത്യസ്ത മാർക്കുകൾ സ്കോർ ചെയ്തു. Y-യേക്കാൾ കൂടുതൽ സ്കോർ നേടിയത് രണ്ടുപേർ മാത്രമാണ്. P-യേക്കാൾ കുറവ് സ്കോർ നേടിയത് S മാത്രമാണ്. Q-നേക്കാൾ കൂടുതലും, എന്നാൽ Z-നേക്കാൾ കുറവും സ്കോർ ആണ് T നേടിയത്.
T-യെക്കാൾ കൂടുതൽ സ്കോർ നേടിയവർ എത്ര?

**Ans**
- ✗ A. രണ്ട്
- ✗ B. നാല്
- ✗ C. മൂന്ന്
- ✓ D. ഒന്ന്

**Q.118** 8, 7, 11 എന്നിവ കൊണ്ട് ഹരിക്കുമ്പോൾ ഓരോ കേസിലും ശിഷ്ടം 4 ലഭിക്കുന്ന ഏറ്റവും വലിയ നാലക്ക സംഖ്യ ഏത്?

**Ans**
- ✗ A. 9811
- ✗ B. 9956
- ✗ C. 9624
- ✓ D. 9860

**Q.119** ഒരു ചോദ്യത്തെ തുടർന്ന് I, II എന്നിങ്ങനെ ലേബൽ ചെയ്ത രണ്ട് പ്രസ്താവനകൾ നൽകിയിരിക്കുന്നു. പ്രസ്താവനകളിൽ നൽകിയിരിക്കുന്ന ഡാറ്റ ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണോ എന്ന് നിങ്ങൾ തീരുമാനിക്കണം. രണ്ട് പ്രസ്താവനകളും വായിച്ച് അനുയോജ്യമായ ഉത്തരം തീരുമാനിക്കുക.

ഗൗരി, രാഗിണി, നവ്യ, കാജൽ, ലവ്‌ലി എന്നീ അഞ്ച് പെൺകുട്ടികൾ ഒരു വൃത്താകൃതിയിലുള്ള മേശയുടെ ചുറ്റും അതിന്റെ മധ്യഭാഗത്തേക്ക് അഭിമുഖമായി ഇരിക്കുന്നു. ലവ്‌ലിയുടെ തൊട്ടു ഇടതുവശത്ത് ആരാണ് ഇരിക്കുന്നത്?
(I) ലവ്‌ലിയുടെ തൊട്ട് വലതുവശത്ത് ഗൗരി ഇരിക്കുന്നു. രാഗിണി കാജലിന്റെ തൊട്ട് ഇടതുവശത്താണ് ഇരിക്കുന്നത്.
(II) നവ്യ കാജലിന്റെ ഇടതുവശത്ത് രണ്ടാമതായാണ് ഇരിക്കുന്നത്. നവ്യയുടെയും ലവ്‌ലിയുടെയും തൊട്ടടുത്താണ് ഗൗരി ഇരിക്കുന്നത്.

**Ans**
- ✗ A. പ്രസ്താവന I-ലെ ഡാറ്റ ഒറ്റക്ക് ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്, എന്നാൽ പ്രസ്താവന II-ലെ ഡാറ്റ പര്യാപ്തമല്ല
- ✗ B. I, II എന്നീ രണ്ട് പ്രസ്താവനകളും ഒരുമിച്ച് ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമല്ല
- ✗ C. I, II എന്നീ രണ്ട് പ്രസ്താവനകളും ഒരുമിച്ച് (പ്രസ്താവന I ഒറ്റക്കോ അല്ലെങ്കിൽ പ്രസ്താവന II ഒറ്റക്കോ അല്ല) ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്
- ✓ D. പ്രസ്താവന II-ലെ ഡാറ്റ ഒറ്റക്ക് ചോദ്യത്തിന് ഉത്തരം നൽകാൻ പര്യാപ്തമാണ്, എന്നാൽ പ്രസ്താവന I-ലെ ഡാറ്റ പര്യാപ്തമല്ല

**Q.120** സീക്രട്ട് മൗണ്ടൻ എന്ന മെറ്റാ ഹ്യൂമൻ ഡിജിറ്റൽ ബാൻഡ് വിഭാവനം ചെയ്തത് ആരാണ് ?

**Ans**
- ✗ A. ശങ്കർ മഹാദേവൻ
- ✗ B. അരിജിത് സിങ്
- ✓ C. എ.ആർ. റഹ്മാൻ
- ✗ D. ശ്രേയ ഘോഷാൽ

Blackbook

Get the Toppers Choice
BLACKBOOK VOCAB APP - Download Now
GET IT ON Google Play

"

Generated by rank.qmaths.in